നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനപദ്ധതി 2013-14

പദ്ധതി	അടങ്കൽ തുക (ലക്ഷം രൂപ)
സബ്സെന്റർ, പുറക്കാട്	42.00
അംഗൻവാടി നമ്പർ 72, പുറക്കാട്	18.50
അംഗൻവാടി നമ്പർ 73, പുറക്കാട്	18.50
ഫിഷറീസ് സ്റ്റേഷൻ, തോട്ടപ്പള്ളി	50.00

'ഫ്രഷ് ഫിഷ് ടു ആൾ' പദ്ധതിയിൽ ഉൾപ്പെടുത്തി 50000 രൂപ വിതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച 2 ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യ. (ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)*

(ബി) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പുറക്കാട് മത്സ്യഗ്രാമത്തിൽ അംഗൻവാടി നമ്പർ 72, അംഗൻവാടി നമ്പർ 73 എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഓരോന്നിനും 18.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) അമ്പലപ്പുഴക്ക് തിരദേശ വികസന കോർപ്പറേഷന്റെ 5.5 കോടി രൂപയുടെ പദ്ധതികൾ എന്ന വിധത്തിലുള്ള പത്രവാർത്തകൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭാവി നടത്തിപ്പും പരിപാലനവും ഉറപ്പു വരുത്തേണ്ടതുള്ളതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിലാണ് പദ്ധതി രൂപീകരണം സംബന്ധിച്ച തീരുമാനങ്ങൾ സാധാരണ ലഭ്യമാക്കാറുള്ളത്. മണ്ഡലത്തിലെ എം.എൽ.എ.-യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക്

249 (226) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എൻ. ഒ .സി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ എൻ. ഒ .സി. ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും 8-12-2015-ൽ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്.

(ബി) ബങ്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി (Initial approval) ചെന്നൈയിലുള്ള പെട്രോളിയം & എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷനിൽ നിന്നും 8-01-2016-ന് ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ 2016 ഫെബ്രുവരി മാസം തുടങ്ങുന്നതാണ്.

മത്സ്യത്തൊഴിലാളി ഭവന പദ്ധതി

250 (227) ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി, മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

GPM. 2/237/2020-98

LIBRARY ARCHIVES Kerala Legislative Assembly